# പതിനൊന്നാം കേരള നിയമസഭ
## ആറാം സമ്മേളനം
## 2003 ജൂലായ് 22-ാം തീയതി ചൊവ്വാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -19)

649)ഭരണ പരിഷ്കാര സമിതിയുടെ ശുപാർശ
650)ജനകീയാസൂത്രണത്തെപ്പറ്റി വിദേശസഹായത്തോടുകൂടി നടത്തുന്ന ഗവേഷണം
651)വർഗ്ഗീയ സംഘർഷം വ്യാപിപ്പിക്കുന്ന തരത്തിലുള്ള സംഘടനാ പ്രവർത്തനങ്ങൾ
652)രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ഡബ്ളിയു.എച്ച്.ഒ.യുടെ സഹായം
653)പുതിയ ഫാസ്റ്റ് ട്രാക് കോടതികൾ
654)പകർച്ചവ്യാധികൾ തടയാൻ കേന്ദ്രസഹായം
655)തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ലൈസൻസുകൾ
656)പ്രവർത്തനമല്ലാത്ത എം.ആർ. ഐ സ്കാനുകൾ നന്നാക്കാൻ അടിയന്തിര നടപടി
657)ബഡ്ജറ്റ് രൂപീകരണം
658)അതിദ്രുത കോടതി കെട്ടിട നിർമ്മാണം
659)പമ്പ അച്ചൻകോവിൽ-വെപ്പാർ നദീ സംയോജന പദ്ധതി
660)സെക്രട്ടേറിയറ്റിലെ പരാതി പരിഹാരസെല്ലിന്റെ പ്രവർത്തനം
661)തീരപഥം പദ്ധതി
662) ഗ്രാമപഞ്ചായത്തുകളിലെ ദുരിതാശ്വാസ നിധികൾ
663) ട്രോമോകെയർ യൂണിറ്റ് ആരംഭിക്കാൻ നടപടി
664) പിന്നോക്ക ദരിദ്ര ജനവിഭാഗങ്ങളുടെ ആരോഗ്യ പരിപാലനത്തിന് ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്താൻ നടപടി
665) ദാരിദ്ര്യ രേഖക്കു താഴെയുള്ളവരെ നിശ്ചയിക്കാൻ ഗ്രാമസഭകൾക്ക് അധികാരം
666) പെൺ ഭ്രൂണഹത്യ
667) ജുവൈനൽഹോമുകളുടെ പ്രവർത്തനം

### ഭരണ പരിഷ്കാര സമിതിയുടെ ശുപാർശ

*649. ശ്രീ. പി.എസ്. സുപാൽ:
ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമനങ്ങൾക്കുള്ള കുറഞ്ഞ പ്രായം 30 ആയി കുറയ്ക്കണമെന്ന് ഭരണ പരിഷ്ക്കാര സമിതിയുടെ നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(ബി) പ്രസ്തുത ശുപാർശയിൻമേൽ ഗവൺമെന്റിന്റെ തീരുമാനം എന്താണെന്ന് വിശദമാക്കുമോ;

(സി) ഭരണ പരിഷ്കാര സമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ നിയമനങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടിവരുമോ; എങ്കിൽ ഈ ശുപാർശ എപ്പോൾ മുതൽ നടപ്പിൽ വരുത്തുമെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**
**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):**

(എ) ഉണ്ട്.

(ബി പരിശോധിച്ചു വരുന്നതേയുള്ളൂ. തീരുമാനം എടുത്തിട്ടില്ല.

(സി) ഭരണ പരിഷ്ക്കാര സമിതിയുടെ ഏതാനും റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബാക്കിയുള്ളവ പരിശോധിച്ചു വരുന്നതേയുള്ളൂ. ഇവയുടെ പരിശോധനയ്ക്ക് ശേഷമേ നിയന്ത്രണങ്ങൾ വേണ്ടിവരുമോ എന്ന് പറയാൻ കഴിയുകയുള്ളു.

### ജനകീയാസൂത്രണത്തെപ്പറ്റി വിദേശസഹായത്തോടുകൂടി നടത്തുന്ന ഗവേഷണം

*650. ശ്രീ. കെ. ബാബു :
ശ്രീ. ടി.യു. രാധാകൃഷ്ണൻ :
ശ്രീ. ടി.എൻ പ്രതാപൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജനകീയാസൂത്രണത്തെപ്പറ്റി വിദേശ സഹായത്തോടുകൂടി ഏതെങ്കിലും അനൗദ്യോഗിക സംഘടന ഗവേഷണം നടത്തുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് വിദേശരാജ്യമാണ് ഇക്കാര്യത്തിൽ സഹായിക്കുന്നത് ;

(സി) ഗവൺമെന്റ് മുഖാന്തിരമാണോ മറ്റേതെങ്കിലും സ്ഥാപനം വഴിയാണോ ഈ സഹായം ലഭിക്കുന്നത് ;

(ഡി) മറ്റേതെങ്കിലും സ്ഥാപനത്തിന്റെ സഹായത്തോടുകൂടി ഗവൺമെന്റിന്റെ പരിപാടികളിൽ ഗവേഷണം നടത്തുന്നതിന് ഗവൺമെന്റിന്റെ അനുമതി ആവശ്യമായിരുന്നോ ;

(ഇ) എങ്കിൽ അത് നേടിയിരുന്നുവോ; വിശദാംശം വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.

(ബി) നെതർലാൻഡ്.

(സി) തിരുവനന്തപുരത്തെ സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് മുഖേനയാണ്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

**വർഗ്ഗീയ സംഘർഷം വ്യാപിപ്പിക്കുന്ന തരത്തിലുള്ള സംഘടനാ പ്രവർത്തനങ്ങൾ**

*651. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വർഗ്ഗീയ സംഘർഷം വർദ്ധിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളും പ്രസ്താവനകളും, വിശ്വഹിന്ദുപരിഷത്, ആർ.എസ്.എസ്., എൻ.ഡി.എഫ്. എന്നീ സംഘടനകളിൽ നിന്നും ഉണ്ടാകുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംഘടനകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) സർക്കാർ പ്രഖ്യാപിച്ച മാറാട് പുനരധിവാസ നടപടിയെ എതിർത്തുകൊണ്ടുള്ള വിശ്വഹിന്ദു പരിഷത്ത് അടക്കമുള്ള സംഘടനകളുടെ പ്രവർത്തനങ്ങളെ നേരിടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്ത് വർഗ്ഗീയ സംഘർഷം വർദ്ധിപ്പിക്കുന്ന രീതിയിലുള്ള പ്രസ്തുത സംഘടനകളുടെ പ്രവർത്തനത്തെക്കുറിച്ചുള്ള സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി) :**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സംഘടനയുടെ പ്രവർത്തനങ്ങൾ ലോക്കൽ പോലീസും, സ്പെഷ്യൽ ബ്രാഞ്ചും നിരീക്ഷിക്കുകയും ആവശ്യമുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

(സി) നടപടി തയ്യാറാക്കി വരുന്നു.

(ഡി) വർഗ്ഗീയ സംഘർഷം വർദ്ധിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നേരിടുന്നതിന് നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ഡബ്ളിയു.എച്ച്.ഒ.യുടെ സഹായം**

*652. ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു പടർന്നു പിടിച്ചിരിക്കുന്ന സാംക്രമിക രോഗങ്ങളെക്കുറിച്ച് പഠിച്ച് വിലയിരുത്തുവാൻ ലോകാരോഗ്യ സംഘടനയുടെ സഹായം തേടാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഡബ്ളിയു.എച്ച്.ഒ.യുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(സി) രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ഡബ്ളിയു.എച്ച്.ഒ.യുടെ സഹായം ലഭിക്കാൻ സാധ്യതയുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :**

എ) ഉദ്ദേശമുണ്ട്. സഹായം തേടിയിട്ടുണ്ട്.

(ബി) നേരിട്ട് ചർച്ചകൾ ഒന്നും നടന്നിട്ടില്ല.

(സി) &(ഡി) രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ഡബ്ള്യൂ.എച്ച്.ഒ.യുടെ സാമ്പത്തിക സഹായം ലഭിക്കാൻ സാദ്ധ്യതയില്ല. എന്നാൽ സാങ്കേതികവും ഭൗതികവുമായ സഹായം ലഭിക്കുന്നുണ്ട്.

**പുതിയ ഫാസ്റ്റ് ട്രാക് കോടതികൾ**

*653. ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. എ.കെ. ബാലൻ :

ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഫാസ്റ്റ് ട്രാക് കോടതികൾ തുടങ്ങുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം;

(ബി) ഫാസ്റ്റ് ട്രാക് കോടതികൾ തുടങ്ങുന്നതിന് എന്ത് തുക കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടുണ്ട്; എത്ര കോടതികൾ തുടങ്ങുന്നതിനുള്ള അനുമതിയാണ് കേന്ദ്രത്തിൽ നിന്നും ലഭിച്ചത്;

(സി) കേന്ദ്രത്തിൽ നിന്ന് അനുമതി ലഭിച്ച എല്ലാ കോടതികളും ആരംഭിച്ചില്ലെങ്കിൽ കേന്ദ്രത്തിൽ നിന്ന് ലഭിച്ച തുക ആനുപാതികമായി തിരിച്ചടയ്ക്കേണ്ടിവരും എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി) :**

(എ) മുപ്പത്തിയെട്ട് (38) ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുവാനാണ് 11-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരുന്നത്. ഹൈക്കോടതിയുടെ അഭിപ്രായം കണക്കിലെടുത്ത് ഇരുപത്തിയേഴ് (27) കോടതികൾ സ്ഥാപിച്ചു. ബാക്കി പതിനൊന്ന് (11) കോടതികൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്.

(ബി) ഫാസ്റ്റ് ട്രാക്ക് കോടതികൾ ആരംഭിക്കുന്നതിന് 2000-2005 വർഷത്തേക്ക് 10.87 കോടി രൂപയാണ് സംസ്ഥാനത്തിന് വകയിരുത്തിയിട്ടുള്ളത്. ഇതിൽ 4.37 കോടി രൂപ ലഭിച്ചു കഴിഞ്ഞു. പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കാൻ 38 കോടതികൾ ആരംഭിക്കാനാണ് കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളത്.

(സി) പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞ 27 കോടതികൾക്ക് കേന്ദ്രഗവൺമെന്റ് 38 കോടതികൾക്ക് വകയിരുത്തിയ 10.87 കോടിരൂപയുടെ ആനുപാതിക തുക മാത്രമേ ലഭിക്കുകയുള്ളു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**പകർച്ചവ്യാധികൾ തടയാൻ കേന്ദ്രസഹായം**

*654. ശ്രീ. എ.സി.ഷൺമുഖദാസ് :

ശ്രീ. കെ.പി. മോഹനൻ :

ഡോ.എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002, 2002-2003 സാമ്പത്തിക വർഷങ്ങളിൽ സെൻട്രൽ ഹെൽത്ത് സെക്ടർ പ്രോഗ്രാം വക എന്ത് തുക സംസ്ഥാനത്തിന് ലഭിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ഡങ്കിപ്പനി, ഹേമറേജ് ഫീവർ, മലേറിയ, വൈറൽ ഫീവർ തുടങ്ങിയ മാരകമായ പകർച്ചവ്യാധികൾ തടയാൻ കേന്ദ്ര ആരോഗ്യ വകുപ്പിനോട് ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് ആവശ്യപ്പെട്ടത് ;

(സി) ഇതിൻപ്രകാരം ഏതെങ്കിലും അടിയന്തിര സഹായം കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ലോകാരോഗ്യ സംഘടനയടക്കം മറ്റ് അന്തർദേശീയ സംഘടനകളിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള സഹായം ലഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :**

(എ) സെൻട്രൽ ഹെൽത്ത് സെക്ടർ പ്രോഗ്രാം വകയായി പകർച്ചവ്യാധികൾ തടയാൻ തുകയൊന്നും ലഭിച്ചിട്ടില്ല.

(ബി) പകർച്ചവ്യാധികൾ തടയുന്നതിനായി 15 കോടിരൂപയുടെ കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ ആവശ്യമുള്ളത്ര പരിശോധനാ കിറ്റുകൾ ലഭ്യമാക്കാനും കേന്ദ്ര ആരോഗ്യവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ന്യൂഡൽഹിയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസസ് എന്ന സ്ഥാപനത്തിൽ നിന്നും ഒരു വിദഗ്ദ്ധസംഘം സംസ്ഥാനത്ത് പഠനം നടത്തുകയുണ്ടായി.

(സി) ലഭിച്ചിട്ടില്ല.

(ഡി) ലഭിച്ചിട്ടുണ്ട്. 500 ഡയഗ്നോസ്റ്റിക് കിറ്റുകൾ കോഴിക്കോട്ടെ മെഡിക്കൽ കോളേജിൽ ഡബ്ള്യൂ.എച്ച്.ഒ. അയച്ചുകൊടുത്തിട്ടുണ്ട് എന്ന വിവരം കിട്ടിയിട്ടുണ്ട്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ലൈസൻസുകൾ

655. ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻ. ഒ.സി. ഇല്ലാതെ വ്യവസായം ആരംഭിക്കുന്നതിനായി ലൈസൻസ് നൽകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മേൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പബ്ളിക് ഹെൽത്ത് ആക്ടിലെ വ്യവസ്തകളെ പരിസര മലിനീകരണം ചെറുക്കുന്ന നിയമത്തിലെ വ്യവസ്ഥകളും പാലിക്കാതെ നടത്തുന്ന വ്യവസായ സംതാപനങ്ങൾക്ക് ലൈസൻസ് നൽകുകയും പ്രാബല്യത്തിൽ നിലനിർത്തുകയും ചെയ്യുന്ന തദ്വെശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മേൽ എന്ത് നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ?

**ഉത്തരം**
**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി)**

(എ) വ്യവസായ സ്ഥാപനം/ഫാക്ടറി മുതലായവ സ്ഥാപിക്കുന്നതിനുള്ള അനുമതി അതതു തദ്വെശ സ്വയംഭരണ സ്ഥാപനവും ലൈസൻസ് നൽകുന്നത് അതത് സെക്രട്ടറിമാതരുമാണ്. മലിനീകരണ നിയന്ത്രണ ബോർഡുപോലുള്ള സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ പത്രിക ആവശ്യമുള്ള കേസുകളിൽ അത് പാലിയ്ക്കാതെ ലൈസൻസു നൽകുന്ന സെക്രട്ടറിമാരുടെ പേരിൽ 1960-ലെ കേരള സിവിൽ സർവീസ്(തരംതിരിവും നിയന്ത്രണവും, അപ്പിലും) ചട്ടങ്ങൾ പ്രകാരം ശിക്ഷണ നടപടി സ്വീകരിക്കുന്നു.

(ബി) പബ്ളിക് ഹേൽത്ത് ആക്ടിലെ ചട്ടങ്ങൾ പാലിച്ചാണ് വ്യവസായ സ്ഥാപനം/ ഫാക്ടറി സ്ഥാപിക്കേണ്ടത് എന്നു കാണുന്ന കേസുകളിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും കൂടിയാണ് ലൈസൻസ് നൽകുന്നത്. ഇത് പാലിയ്ക്കാതെ ലൈസൻസ് നൽകുകയും തുടരാൻ അനുവദിക്കുകയും ചെയ്യുന്ന സെക്രട്ടറിമാരുടെമേൽ ചട്ടപ്രകാരം നടപടി സ്വീകരിക്കുന്നു.

## പ്രവർത്തനമല്ലാത്ത എം.ആർ. ഐ സ്കാനുകൾ നന്നാക്കാൻ അടിയന്തിര നടപടി

656. ശ്രീ. ഇസ്ഹാക് കുരിക്കൾ
ശ്രീ. കളത്തിൽ അബ്ദുള്ള
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
ശ്രീ. സി. മോയിൻകുട്ടി
ശ്രീ.പി.കെ.കെ. ബാവ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിലെ ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ എം. ആർ.ഐ. സ്കാനിംഗ് സൗകര്യമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഗവൺമെന്റ് ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന ദുർബല വിഭാഗങ്ങളിൽപ്പെട്ട രോഗികളോട് പുറത്തുനിന്നും സ്കാനിംഗ് നടത്താൻ ഡോക്ടർമാർ നിർദ്ദേശം നിൽക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മെഡിക്കൽ കോളേജുകളിൽ പ്രവർത്തനക്ഷമമല്ലാത്ത എം. ആർ.ഐ. സ്കാനാനറുകൾ താമസംവിനാ പ്രവർത്തനസജ്ജമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

**ഉത്തരം**
**ശ്രീ.പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി)**

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിൽ എം. ആർ. ഐ സ്കാനിംഗ് മെഷീൻ ഇപ്പോൾ ഇല്ല.

(ബി) സ്കാനിംഗ് സൗകര്യമുള്ള മറ്റു ഗവൺമെന്റ് സ്ഥാപനങ്ങളിലേക്ക് രോഗികളെ റഫർ ചെയ്യുകയാണ് പതിവ്. എന്നാൽ ചില അത്യാവശ്യഘട്ടങ്ങളിൽ പുറത്തുനിന്നും സ്കാനിംഗ് നടത്താൻ ആവശ്യപ്പെടേണ്ടതായി വരാറുണ്ട്.

(സി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ ബാധകമല്ല.

## ബഡ്ജറ്റ് രൂപീകരണം

657. ശ്രീ. ടി.എൻ. പ്രതാപൻ
ശ്രീ. ടി.യു. രാധാകൃഷ്ണൻ
ശ്രീമതി മാലേത്ത് സരളാദേവി
ശ്രീ. വി.ജെ. പൗലോസ്
ശ്രീ. വർക്കല കഹാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2003 മാർച്ച് 31 ന് മുൻപ് 2003-2004 ലേയ്ക്കുള്ള ബഡ്ജറ്റ് പാസ്സാക്കാത്ത എത്ര തദ്ദെശ സ്വയംഭരണ സ്ഥാപനങ്ങളുണ്ട്; ഏതെല്ലാം;

(ബി) മാർച്ച് 31-ന് മുൻപായി അവ ബഡ്ജറ്റ് പാസ്സാക്കാതിരുന്നത് എന്തുകൊണ്ടാണ്. വേണ്ടത്ര പഠനം നടത്താതെ പുതിയ പദ്ധതികളൊന്നും ചേർക്കാതെ മുൻവർഷത്തെ ബഡ്ജറ്റ് അതേപോലെ അവതരിപ്പിക്കാറുണ്ടോ എന്ന് പരിശോധിക്കുമോ;

(സി) നടപ്പുവർഷം എത്ര തദ്ദെശ ഭരണ സ്ഥാപനങ്ങളിൽ ഇത്തരത്തിലുള്ള ബഡ്ജബുകൾ പാസ്സാക്കി;

(ഡി) ത്രിതല പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥൻമാർക്ക് ബഡ്ജറ്റ് രൂപീകരണം സംബന്ധിച്ച് എന്തെങ്കിലും പരിശീലനം നൽകിയിട്ടുണ്ടൊ; ഇല്ലാത്തപക്ഷം അതിനുള്ള നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്തെ ഒരു ഗ്രാമപഞ്ചായത്ത് ഒഴികെ മറ്റ് എല്ലാ തദ്ദെശ സ്വയംഭരണ സ്ഥാപനങ്ങളും ബഡ്ജറ്റ് യഥാസമയം പാസ്സാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യം ഗ്രാമപഞ്ചായത്ത് 31.03.2003 നുശേഷം ആണ് ബഡ്ജറ്റ് പാസ്സാക്കിയിട്ടുള്ളത്.

(ബി) ശ്രീകാര്യം ഗ്രാമപഞ്ചായത്തിൽ ബഡ്ജറ്റ് പാസ്സാക്കുന്നതിന് വേണ്ടി വിളിച്ചിചേർത്ത യോഗത്തിന് നോട്ടീസ് നൽകിയതിൽ അപാകതയുണ്ടായതുകൊണ്ടാണ് മാർച്ച് 31-നു മുൻപ് ബഡ്ജറ്റ് പാസ്സാക്കാൻ കഴിയാതെ വന്നത്. വേണ്ടത്ര പഠനം നടത്താതെയും പുതിയ പദ്ധതികളൊന്നും ചേർക്കാതെയും ഏതെങ്കിലും തദ്ദെശ സ്വയംഭരണ സ്താപനം മുൻ വർഷത്തെ ബഡ്ജറ്റ് അതേപോലെ തൊട്ടടുത്ത വർഷത്തിൽ അവതരിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) പഞ്ചായത്ത് രാജ് നിയമങ്ങളെ സംബന്ധിച്ച് പൊതുവായ പരിശീലന പരിപാടികളോടൊപ്പം ബഡ്ജറ്റ് രൂപീകരണം സംബന്ധിച്ചും പരിശീലനം നൽകാറുണ്ട്. പഞ്ചായത്ത് സെക്രട്ടറിമാർക്കും ജനപ്രതിനിധികൾക്കും നൽകുന്ന പരിശീലനങ്ങളിൽ ബഡ്ജറ്റ് തയ്യാറാക്കുന്നത് ഒരു വിഷയമായി ചർച്ച ചെയ്യുകയും ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്.

## അതിദ്രുത കോടതി കെട്ടിട നിർമ്മാണം

658. ശ്രീമതി മേഴ്സി രവി
പ്രൊഫ. എ.ഡി. മുസ്തഫ
ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ
ശ്രീ. ജോർജ് ജെ. മാത്യു
ശ്രീ.പി.ടി. തേമാസ് ; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് എത്ര അതിദ്രുത കോടതി കെട്ടിടങ്ങൾ പണിയാനായിരുന്നു നിർദ്ദേശമുണ്ടായിരുന്നത്;

(ബി) അതിനുവേണ്ടി കേന്ദ്രം എന്തു തുക നൽകിയിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുക കൊണ്ട് എത്ര കെട്ടിടങ്ങൾ പണിതു;

(ഡി) ബാക്കി കെട്ടിടങ്ങൾ പണിയാൻ സാധിക്കാത്ത വിവരം കേന്ദ്രം സർക്കാരിനെ അറിയിച്ചുവോ എന്ന് വ്യക്തമാക്കുമോ;

(ഇ) ഇക്കാര്യം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ബാക്കി കെട്ടിടങ്ങൾക്ക് കൂടി കേന്ദ്ര സഹായം തേടുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. എ.കെ ആന്റണി (മുഖ്യമന്ത്രി)**

(എ) പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് സംസ്ഥാനത്ത് 38 അതിദ്രുത കോടതികൾ ആരംഭിക്കാനാണ് കേന്ദ്രം നിർദ്ദേശിച്ചത്. എന്നാൽ 27 കോടതികൾ സ്ഥാപിച്ചാൽ മതിയാകുമെന്ന ഹൈക്കോടതിയുടെ നിലപാടനുസരിച്ച് 27 കോടതികൾ അനുവദിക്കുകയും അവയ്ക്കുള്ള കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്തു.

(ബി) കെട്ടിടം പണിയുന്നതിന് മാത്രമായി പ്രത്യേക തുക അനുവദിച്ചിട്ടില്ല. കോടതികളിലെ ജഡ്ജിമാരടക്കമുളളവരുടെ ശമ്പളം മറ്റു ചെലവുകൾ, കോടതി കെട്ടിടത്തിന്റെ നിർമ്മാണ ചെലവ് എന്നിവയടക്കം 10.87 കോടി രൂപ 2000-2005 വർഷങ്ങളിൽെക്ക് ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. ശരാശരി ഒരുകോടതിയ്ക്ക് 3.4 ലക്ഷം രൂപയാണ് നിർമ്മൊണത്തിനായി നിശ്ചയിച്ചിട്ടുളളത്.

(സി) മൊത്തം വകയിരുത്തിയ10.87 കോടി രൂപയിൽ നിന്നും 173.05 ലക്ഷം രൂപ ചെലവ് ചെയ്ത് 27 കെട്ടിടങ്ങൾ പണിതിട്ടുണ്ട്. കേന്ദ്രം 4.37 കോടി രൂപ മാത്രമേ ഇതുവരെ നൽകിയിട്ടുളളു.

(ഡി & (ഇ) : സംസ്ഥാന സർക്കാർ അനുമതി നൽകിയ 27 കോടതികൾക്ക് വേണ്ട കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. കൂടുതൽ കോടതികൾ തുടങ്ങുന്നകാര്യം പരിള്ശോധിച്ചുവരുന്നു. സംസ്ഥാനത്തിന് വകയിരുത്തിയിട്ടുള്ള തുകയ്ക്കു പുറമേ അധിക തുക കേന്ദ്രത്തിൽ നിന്ന് ലഭിക്കുമെന്ന് ഇപ്പോൾ പ്രതീക്ഷിക്കുന്നില്ല.

## പമ്പ അച്ചൻകോവിൽ-വെപ്പാർ നദീ സംയോജന പദ്ധതി

659. ശ്രീ. ടി.കെ. ബാലൻ
ഡോ. തോമസ് ഐസക്
ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. സാജു പോൾ ; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) പമ്പ-അച്ചൻകോവിൽ-വെപ്പാർ നദീസംയോജന പദ്ധതി നടപ്പാക്കാൻ കേന്ദ്ര സർക്കാർ നീക്കം നടത്തുന്നതായ വിവരം സർക്കാരിന്റെ ശ്രധ്ധയിൽപ്പെട്ടിട്ടുണ്ടൊ;

(ബി) എങ്കിൽ ഇതു സംബന്ധിച്ചുളള സംസ്ഥാനത്തിന്റെ നിലപാട് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടൊ;

(സി) പമ്പ-അച്ചൻകോവിൽ-വെപ്പാർ പദ്ധതി നടപ്പാക്കുന്നതിന് അടിസ്ഥാനമാകുന്ന പഠന റിപ്പോർട്ട് എന്നാണ് തയ്യാറാക്കിയത്. പ്രസ്തുത പഠന റിപ്പോർട്ട് തയ്യാറാക്കിയത് സംസ്ഥാന ഗവൺമെന്റിന്റെ സഹകരണത്തോടുകൂടിയായിരുന്നോ;

(ഡി) പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പമ്പ അച്ചൻകോവിൽ നദികളിൽ അധിക ജലമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടൊ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) പമ്പ-അച്ചൻകോവിൽ നദികളിലെ ജലത്തെ സംബന്ധിച്ച് കേന്ദ്രവും സംസ്ഥാനവും ചേർന്ന് പുതിയ പഠനം നടത്തിയിട്ടുണ്ടൊ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

**ഉത്തരം**
**ശ്രീ. എ.കെ ആന്റണി (മുഖ്യമന്ത്രി)**

(എ) ഉണ്ട്.

(ബി) ഉണ്ട്.. പമ്പ അച്ചൻകോവിൽ നദികളിൽ നിന്നും തമിഴ്നാട്ടിലേയ്ക്ക് ജലം തിരിച്ച് വിടാനുള്ള എൻ.ഡബ്ള്യു.ഡി.എ.യുടെ പഠന റിപ്പോർട്ടിനെതിരെ കേരള ഗവൺമെന്റ് ശക്തമായ പ്രതിഷേധം അറിയിച്ചിട്ടുണ്ട്. കൂടാതെ എൻ.ഡബ്ള്യു.ഡി.എ.യുടെ വാർഷിക മീറ്റിംഗുകളിലും ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി മീറ്റിംഗുകളിലും സംബന്ധിച്ച കേരളത്തിന്റെ പ്രതിനിധികൾ എൻ.ഡബ്ള്യു.ഡി.എ. ഏകപക്ഷീയമായി എടുക്കുന്ന തീരുമാനങ്ങൾ കേരളത്തിന് സ്വീകാര്യമല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പമ്പ-അച്ചൻകോവിൽ എന്നീ നദികളിൽ നിന്നും തമിഴ്നാട്ടിലേയ്ക്ക് ജലം തിരിച്ചുവിടാനുള്ള എൻ.ഡബ്ള്യുന്.ഡി. എ.യുടെ നിട്ടത്തെക്കുറിച്ച് കേരള സർക്കാർ കേന്ദ്ര ജലവിഭവ മന്ത്രിയെയും അറിയിക്കുകയും ഇത് സംബന്ധിച്ചുള്ള തുടർ നടപടികൾ ഉപേക്ഷിക്കണമെന്നും എൻ.ഡബ്ള്യു.ഡി.എ. യോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ 17.09.2001 ൽ തിരുവനന്തപുരത്തുവച്ച് പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റി ഓൺ അഗ്രികൾച്ചറും, സംസഥാന സർക്കാരും എൻ.ഡബ്ള്യു.ഡി. എ.യുമായി നടത്തിയ ചല്ർച്ചയിൽ ഈ പദ്ധതി പ്രാവർത്തികമാക്കുകയാണെങ്കിൽ കേരളത്തിന് സംഭവിച്ചേക്കാവുന്ന നഷ്ടങ്ങളും ദോഷങ്ങളും കേരള സർക്കാർ പ്രസ്തുത കമ്മിറ്റിയെ വിശദമായി ധരിപ്പിക്കുകയും ഈ പദ്ധതി ഉപേക്ഷിക്കണമെന്ന് ശക്തിയുക്തം അഅവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ 26.03.2003 ൽ ന്യൂഡൽഹിയിൽ വച്ച് നടന്ന എൻ.ഡബ്ള്യൂ.ഡി.എ.യുടെ 19-ാം വാർഷിക പൊതുയോഗത്തിൽ പങ്കെടുത്ത കേരള ജലവിഭവ മന്ത്രി ഈ പ്രോജക്ടിന് കേരളത്തിന് യാതൊരു വിധത്തിലും അംഗീകാരം നൽകാൻ കഴിയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നദീ സംയോജന ടാസ്ക് ഫോഴ്സിന്റെ ചെയർമാനായ ശ്രീ. സുരേഷ് പ്രഭു ഇന്ക്കാര്യത്തിൽ കേരളത്ിന്റെ അഭിപ്രായം ആരായുകയുണ്ടായി. 29.03.2003 ൽ മുഖ്യമന്ത്രി അയച്ച മറുപടി കത്തിൽ സംസ്ഥാനത്തിന് ഇക്കാര്യത്തിലുളള ശക്തമായ വിയോജിപ്പ് അറിയിച്ചിട്ടുണ്ട്.

(സി) പമ്പ-അച്ചൻകൊവിൽ-വെപ്പാർ പദ്ധതിയുടെ പ്രാഥമിക പഠനത്തെ ആസ്പദമാക്കി സർവേയും ഇൻവെസ്റ്റിഗേഷനും എൻ.ഡബ്ള്യു.ഡി.എ. 1991 ൽ ആര്ഭിക്കുകയും ഫീസിബിലിറ്റി റിപ്പോർട്ട് 1995-ൽ പൂർത്തീകരിക്കുകയും ചെയ്തു. സംസ്ഥാന സർക്കാനരിന്റെ പ്രതിനിധികളാരെയും പഠന സംഘത്തിൽ ഉൾപ്പെടുത്തിയിരുന്നില്ല.

(ഡി) ഉണ്ട്. നാഷണൽ വാട്ടർ ഡവലപ്മെന്റ് ഏജൻസി തയ്യാറാക്കിയ പമ്പ-അച്ചൻകോവിൽ-വെപ്പാർ ലിങ്ക് പദ്ധതി സംബന്ധിച്ച ഫീസിബിലിറ്റി റിപ്പോർട്ടനുസരിച്ച് കേരളത്തിലെ പമ്പ-അച്ചൻകോവിൽ നദികളിലെ അധിക ജലമായ 3170 മില്യൻ ക്യുബിക് മീറ്ററിന്റെ ഇരുപതുശതമാനമായ 634 മില്ല്യൻ ക്യുബിക് മീറ്റർ ജലം തമിഴ്നാട്ടിലെ ജലദൗർലഭ്യമനുഭവപ്പെടുന്ന വെപ്പാർ ബെയിസിനിലേക്ക് തിരിച്ചുവിടാന വിഭാവന ചെയ്തിട്ടുള്ളതാണ്.

(ഇ) 26.03.2003 ൽ കൂടിയ ദേശീയ ജല വികസന ഏജൻസിയുടെ വാർഷിക പൊതുയോഗത്തിൽ നദീസംയോജനത്തിന് തെക്കേ ഇൻഡ്യയിൽ നിന്നു പരിഗണിക്കു പദ്ധതികളിലൊന്നായി.പമ്പ-അച്ചൻകോവിൽ-വെപ്പാർ ലിങ്കിനെ ഉൾപ്പെടുത്തിയിരിക്കുന്നതിനെക്കുറിച്ച് കേരളം വിയോജിപ്പും പ്രതിഷേധവും പ്രകടിപ്പിക്കുകയുണ്ടായി. എൻ.ഡബ്ള്യു.ഡി.എ.യുടെ റിപ്പോർട്ട് കേരള പ്രതിനിധികളുടെ പങ്കാളിത്തം കൂടാതെയുള്ളതിനാലും റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം രണ്ടു ദശാബ്ദത്തോളം കഴിഞ്ഞതിനാലും അതിലെ നിഗമനങ്ങൾ സ്വീകാര്യമല്ല എന്ന കേരളത്തിന്റെ നിലപാട് കണക്കിലെടുത്ത് എൻ.ഡബ്ള്യു.ഡി.എ. യും കേരളവും കൂടി സംയുക്തമായി വെള്ളത്തിന്റെ ലഭ്യതയെക്കുറിച്ച് ഒരു പഠനം നടത്തുകയുണ്ടായി. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## സെക്രട്ടേറിയറ്റിലെ പരാതി പരിഹാരസെല്ലിന്റെ പ്രവർത്തനം

660 ശ്രീ. എം.വി. ജയരാജൻ
ശ്രീമതി ഗിരിജാ സുരേന്ദ്രൻ
ശ്രീ. വി.കെ.സി. മമ്മത്കോയ
ശ്രീ.പി.സി. ജോർജ് ; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) പൊതുജനങ്ങളുടെ പരാതി പരിഹാരത്തിനായി സർക്കാർ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ഇതുമായി ബന്ധപ്പെട്ട സെക്രട്ടേറിയറ്റിലെ പരാതി പരിഹാര സെല്ലിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇവിടെ ലഭിക്കുന്ന പരാതികൾ എത്ര ദിവസത്തിനകം തീർപ്പ് കൽപ്പിക്കപ്പെടുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) ഇവിടെ ഇപ്പോൾ എത്ര പരാതികൾ കെട്ടിക്കിടപ്പുണ്ട് എന്നും ഇവ എപ്പോൾ തീർപ്പ് കൽപ്പിക്കും എന്നും വ്യക്തമാക്കുമോ;

(ഇ) ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ പ്രസ്തുത സംവിധാനം വിപുലമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**
**ശ്രീ. എ.കെ ആന്റണി (മുഖ്യമന്ത്രി)**

(എ) പൊതുജനങ്ങളിൽ നിന്നുള്ള പരാതികൾ യഥാസമയം പരിഹതിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട എല്ലാ അധികാരികൾക്കും, ഉദ്യോഗസ്ഥൻമാർക്കും ഗവൺമെന്റ് കാലാകാലങ്ങളിൽ കർശനമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻവേണ്ടി മുഖ്യമന്ത്രിയുടെ ഒരു പൊതുജന പരാതി പരിഹാരസെൽ സെക്രട്ടേറിയറ്റിൽ 20.05.2000 മുതൽ പ്രവർത്തിച്ചുവരുന്നു.

(ബി) മുഖ്യമന്ത്രിയുടെ പൊതുജനപരാതി പരിഹാര സെല്ലിനെ സംബന്ധിച്ച പ്രതിവാര പ്രവർത്തന റിപ്പോർട്ട് മുഖ്യമന്ത്രി തലത്തിൽ അവലോകനം ചെയ്യുന്ന സംവിധാനം നിലവിലുണ്ട്. ഈ സെല്ലിന്റെ പ്രവർത്തനം പൊതുവേ തൃപ്തികരമാണെന്നാണ് കണ്ടിട്ടുള്ളത്.

(സി) സെല്ലിൽ ലഭിക്കുന്ന പരാതികൾ ഒരാഴ്ചയ്ക്കുള്ളിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശത്തോടുകൂടിയാണ് ബന്ധപ്പെട്ട അധികാരികൾക്ക് അയച്ചുകൊടുക്കുന്നത്. ഓരോ പരാതിയുടെയും സ്വഭാവമനുസരിച്ചാണ് അവയിൽ അന്തിമ തീരാമനമെടുക്കുന്നതിന് സമയമെടുക്കുന്നത്. എന്നാൽ സെല്ിന്റെ നിരന്തരമായ ഇടപെടൽ വഴി അന്തിമതീർപ്പ് വേഗത്തിലാക്കാൻ കഴിയുന്നുണ്ട്.

(ഡി) ഈ സെല്ലിൽ ലഭിച്ചിട്ടുള്ള എല്ലാ പരാതികളും നടപടികൾക്കായി ബന്ധപ്പെട്ടവർക്ക് അയച്ചുകൊടത്തിട്ടുണ്ട്. പരാതികളില്ൻമേൽ ബന്ധപ്പെട്ട അധികാരികളാണ് തീർപ്പുകൽപ്പിക്കുന്നത്. പരാതികളില്ൻമേലുള്ള നടപടികൾ കഴിയുന്നത്ര വേഗത്തിലാക്കാനുള്ള നടപടികളാണ് സെൽ കൈക്കൊണ്ടുവരുന്നത്.

(ഇ) സെല്ലിന്റെ സേവനം മെച്ചപ്പെടുത്തുന്നതിനായി ആധുനിക സൗകര്യങ്ങളായ ഇന്റർനെറ്റ്, ഇ-മെയിൽ, ഫാക്സ് തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് സെല്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സഹായിച്ചിട്ടുണ്ട്.

## തീരപഥം പദ്ധതി

661. ശ്രീ. എം.കെ. പോൾസൺമാസ്റ്റർ
ശ്രീ. ടി.വി. ചന്ദ്രമോഹൻ
ശ്രീ. എ.കെ. മണി
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തീരപഥം പദ്ധതി നടപ്പാക്കുന്നതിന് ഏതെങ്കിലും കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ടൊ; ഉണ്ടെങ്കിൽ ആരെയാണ്;

(ബി) പ്രസ്തുത കൺസൾട്ടന്റിന്റെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാം;

(സി) തിരുവനന്തപുരം നഗരത്തെ സംബന്ധിക്കുന്ന തീരപഥം പദ്ധതി തയ്യാറാക്കുന്നത് ഏത് ഘട്ടത്തിലിരിക്കുന്നു;

(ഡി) പ്രസ്തുത പദ്ധതിയുടെ കരടിൽ വിഭാവനം ചെയ്തിട്ടുള്ളത് എന്തെല്ലാം കാര്യങ്ങളാണെന്ന് പറയുമോ ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി)**

(എ) & (ബി) തീരപഥം പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിന് ലീ അസോസിയേറ്റ്സ്, സധത്ത് ഏഷ്യാപ്രൈവറ്റ് ലിമിറ്റഡ്, ന്യൂഡൽഹി, എന്ന സംതാപനവുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും മറ്റ് വ്യവസ്ഥകളിൽ തീരാമനമാകാത്തതിനാൽ കൺസൾട്ടൻസിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(സി) 20.06.2000-ലെ ജി.ഒ. (എം.എസ്) 181/00/തസ്വഭവ ഉത്തരവ് പ്രകാരം നയപരമായ തീരുമാനം എടുക്കുകയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ പണം സ്വരൂപിക്കുന്നതിന് ഒരു ട്രസ്റ്റ് രൂപീകരിക്കുന്നതിനും മറ്റു പ്രവർത്തനങ്ങൾക്കുമായി ഒരു സ്പെഷ്യൽ ഒ്ളാഫീസറെ നിയമിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി 5 ഏക്കർ അർജൻസി ക്ളോസിൽപ്പെടുത്തിയും 45 ഏക്കർ അല്ലാതെയും ാക്വയർ ചയ്യാൻ തീരുമാനിച്ചു. 1120-ലെ ട്രാവൻകൂർ ടൗൺ ആന്റ് കൺട്രി പ്ളാനിംഗ് നിയമപ്രകാരം പദ്ധതിപ്രദേശം നിയന്ത്രിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതിയ്ക്ക് വിദേശ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും തുടർന്നു വരുന്നു. തലസ്ഥാനവികസനത്തിന്റെ ഭാഗമായി തീരപഥം പദ്ധതി നടപ്പാക്കുന്ന കാര്യവും ആലോചിച്ചുവരുന്നു.

(ഡി) കേരളത്തിലെ പ്രമുഖ വിനോദ സഞ്ചാര കേന്ദ്രങ്ങളായ വേളി, ആക്കുളം പ്രദേശവും കോവളവും തമ്മിൽ ബന്ധിപ്പിക്കുന്ന മനുഷ്യനിർമ്മിതമായ പാർവ്വതിപുത്തനാറിന്റെ 16.5 കി.മീ. നിളം വരുന്ന പ്രദേശത്തെ കനാൽ വൃത്തിയാക്കി ഉല്ലാസ ബോട്ടുയാത്ര ഏർപ്പെടുത്താനും കനാലിന്റെ ഇരുകരകളിലും 50 മിറ്റർ വീതിയിൽ പൂന്തോട്ടവും അതിലൂടെ 16.5 കി.മി നീളത്തിൽ ഒരു നടപ്പാതയും നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ റെസ്റ്റോറന്റുകൾ, ഹോട്ടലുകൾ, ഡോർമിറ്ററികൾ, ചില്ലറ വിൽപ്പനശാലകൾ, ലോഡ്ജുകൾ ഉൾപ്പെടുന്ന വാണിജ്യപരമായ പ്രവർത്തനങ്ങൾ ആവിഷ്ക്കാര കലകൾക്കുള്ള കേന്ദ്രം, ഗ്യാലറി, ഓപ്പൺ എയർ തീയറ്റർ എന്നിവ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

## ഗ്രാമപഞ്ചായത്തുകളിലെ ദുരിതാശ്വാസ നിധികൾ

662 ശ്രീ.ബിനോയ് വിശ്വം :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിൽ ദുരിതാശ്വാസ നിധികൾ രൂപീകരിക്കുന്നതിനുള്ള ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത നിധിയുടെ രൂപീകരണവും വിനിയോഗവും സംബന്ധിച്ചുള്ള മാർഗ്ഗരേഖ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി):**

(എ) ഉണ്ട്.

(ബി) 22.02.-2003-ലെ ജി.ഒ.(പി) നമ്പർ 51/2003/തസ്വഭവ നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ച 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും). ചട്ടങ്ങളിൽ ഇതു സംബന്ധിച്ച മാർഗ്ഗരേഖ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## ട്രോമോകെയർ യൂണിറ്റ് ആരംഭിക്കാൻ നടപടി

663 ശ്രീ. തമ്പാനൂർരവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാതകളിൽ നടക്കുന്ന വാഹനാപകടങ്ങളിൽ ഗുരുതരമായി പരിക്ക് പറ്റുന്നവർക്ക് അടിയന്തിര ചികിത്സ ലഭിക്കാത്തതുമൂലം മരണസംഖ്യ വർദ്ധിച്ചുവരുന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി ദേശീയപാതയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഒട്ടുമിക്ക ആശുപത്രികളിലും അപകടത്തിൽപ്പെടുന്നവർക്ക് അടിയന്തിര ചികിത്സ ലഭിക്കുന്നതിനുള്ള ആധുനിക സൗകര്യങ്ങൾ നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ പ്രശ്നം പരിഹരിക്കുന്നതിനായി എന്തെങ്കിലും സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ദേശീയപാതയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ആശുപത്രികളിൽ ട്രോമോകെയർ യൂണിറ്റ് ആരംഭിക്കാൻ ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ.പി.ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി):**

(എ) ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ലഭ്യമായ കണക്കുകൾ കാണിക്കുന്നത് വാഹനാപകടങ്ങളിൽപ്പെട്ട് മരണമടയുന്നവരുടെ എണ്ണം ക്രമാതിതമായി വർദ്ധിച്ചുവരുന്നു എന്നല്ല.

(ബി) ദേശീയപാതയോടു ചേർന്ന് സ്ഥിതിചെയ്യുന്ന മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ആശുപത്രികളിൽ ട്രോമാകെയർ/കാഷ്വാലിറ്റി സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ എല്ലാ ആശുപത്രികളിലും ഈ സൗകര്യങ്ങൾ ലഭ്യമാക്കാൻ സാധിച്ചിട്ടില്ല.

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) എല്ലാ മെഡിക്കൽ കോളേജാശുപത്രികളിലും ട്രോമാകെയർ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ദേശീയപാതകളുടേയും സംസ്ഥാനത്തെ മറ്റു പ്രധാനപ്പെട്ട പാതകളുടേയും സമീപത്തുള്ള ഏഴ് ആശുപത്രികളിൽ പുതുതായി കാഷ്വാലിറ്റി യൂണിറ്റുള്ള ആശുപത്രികളിലേക്ക് അടിയന്തിര ചികിത്സക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. എറണാകുളം ജനറൽ ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റിന്റെ പണി പൂർത്തിയായിവരുന്നു. ദേശീയപാത 47ലും 17ലും റോട്ടറി ക്ളബിന്റെ സഹായത്താലും ട്രോമാകെയർ ബൂത്തുകൾ സ്ഥാപിക്കുകയുണ്ടായി.

(ഇ) ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ട്രോമാക്കെയർ യൂണിറ്റുകൾ ഘട്ടംഘട്ടമായി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(എഫ്) സംസ്ഥാനത്തെ ദേശീയപാതകളുടേയും പ്രധാനപ്പെട്ട റോഡുകളുടേയും സമീപത്തുള്ള ആശുപത്രികളെ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രൈമറി, സെക്കന്ററി, ടെർഷ്യറി എന്നിങ്ങനെ മൂന്നു തലങ്ങളായി തരംതിരിക്കുകയും റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും ട്രോമാക്കെയർ സെന്ററുകൾ സ്ഥാപിക്കാനുള്ള തീരുമാനമെടുക്കുകയും അതിൻപ്രകാരം നാല് ടെർഷ്യറി യൂണിറ്റുകളും ഇരുപത്തിരണ്ട് സെക്കന്ററി യൂണിറ്റുകളും ഇരുപത് പ്രൈമറി യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പരിഗണിച്ചു വരികയാണ്. എറണാകുളത്ത് 1.5 കോടി രൂപ മുടക്കി സ്ഥാപിക്കുന്ന ട്രോമാക്കെയർ യൂണിറ്റിന്റെ പണി പൂർത്തിയായി വരുന്നു. സ്വകാര്യ ആശുപത്രികളിലും ട്രോമാകെയർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ഐ.എം.എ.യുമായി ചർച്ചകൾ നടന്നുവരുന്നു. ട്രോമാക്കെയർ ഇൻഷൂറൻസ് പദ്ധതി നടപ്പിൽ വന്നാൽ സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള എല്ലാ ആശുപത്രികളിലും ത്രിതല ട്രോമാക്കെയർ സെന്ററുകൾ പ്രാവർത്തികമാക്കാൻ സാധിക്കും.

## പിന്നോക്ക ദരിദ്ര ജനവിഭാഗങ്ങളുടെ ആരോഗ്യ പരിപാലനത്തിന് ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്താൻ നടപടി

664 ശ്രീ കെ.കെ.ജയചന്ദ്രൻ :

ശ്രീ. കെ. രാധാകൃഷ്ണൻ :

വി.കെ.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾ ഉൾപ്പെടുന്ന പിന്നോക്ക ദരിദ്ര ജനവിഭാഗങ്ങൾക്ക് ആരോഗ്യ പരിപാലനസേവനം ലഭ്യമാക്കുന്നതിന് എന്തെങ്കിലും പരിപാടി നിലവിലുണ്ടോ ;

(ബി) എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ആദിവാസി മേഖലകൾ, മലമ്പ്രദേശങ്ങൾ, ഉൾനാടൻ ദ്വീപു സമൂഹങ്ങൾ തുടങ്ങി പിന്നോക്ക ദരിദ്ര സമൂഹങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഈ പ്രദേശങ്ങളിലെ ഹെൽത്ത് സെന്ററുകളിലും മറ്റ് കേന്ദ്രങ്ങളിലും സേവനം അനുഷ്ഠിക്കുന്നതിൽ ഡോക്ടർമാരും നേഴ്സുമാരും വിമുഖത കാട്ടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത കേന്ദ്രങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

**<u>ഉത്തരം</u>**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി):**

(എ) (ബി)&(സി) ആദിവാസികൾ ഉൾപ്പടുന്ന പിന്നോക്ക ദരിദ്രജന വിഭാഗങ്ങളുടെ ആരോഗ്യപരിപാലന സേവനം ലഭ്യമാക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഔട്ട്റീച്ച് ക്ളിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് മെഡിക്കൽകോളേജ് ആശുപത്രിയിലെ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. ഹോമിയോപ്പതി വകുപ്പിന്റെ കീഴിൽ ആദിവാസി കേന്ദ്രങ്ങളിലും പിന്നോക്ക ദരിദ്രവിഭാഗങ്ങൾ താമസിക്കുന്ന ഇടങ്ങളിലും ചില കേന്ദ്രങ്ങളിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. ഡിസ്പെൻസറികളില്ലാത്ത പഞ്ചായത്തുകളിൽ ഹോമിയോപ്പതി വകുപ്പിലെ ഡോക്ടർമാർ പഞ്ചായത്ത് അധികൃതർ ആവശ്യപ്പെടുന്ന മുറയ്ക്ക് മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ളാസ്സുകളും സംഘടിപ്പിച്ചു വരുന്നുണ്ട്. ആദിവാസികൾ ഉൾപ്പെടുന്ന പിന്നോക്ക ദരിദ്രവിഭാഗങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി ആയുർവേദ ആശുപത്രികളും ഡിസ്പെൻസറികളും പ്രവർത്തനം നടത്തിവരുന്നുണ്ട്. സംസ്ഥാനത്ത് ആദിവാസി പിന്നോക്ക ജനവിഭാഗങ്ങളുടെ ആരോഗ്യപരിപാലനം ലക്ഷ്യമാക്കി ട്രൈബൽ സബ്പ്ളാനിൽ പണികഴിപ്പിച്ച 69 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ആരോഗ്യവകുപ്പിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സാധാരണ പ്രദേശങ്ങളിൽ 5000 ജനസംഖ്യക്ക് ഒരു സബ്സെന്റർ എന്നത് ആദിവാസി മേഖലകളിൽ 3000 ജനസംഖ്യക്ക് ഒരു സബ്സെന്റർ എന്ന നിലയിൽ ക്രമീകരിച്ചിട്ടുണ്ട്. വിദൂരസ്ഥലമായ ഊരുകളിൽ താമസിച്ചുവരുന്ന ആദിവാസികളുടെ ചികിത്സക്കും ആരോഗ്യബോധവൽക്കരണ പ്രവർത്തനങ്ങൾക്കുമായി ആരോഗ്യവകുപ്പിന്റെ കീഴിൽ 11 ഉം ട്രൈബൽ വെൽഫയർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ രണ്ടും സഞ്ചരിക്കുന്ന ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നു. എട്ട് ആംബുലൻസുകൾ മൊബൈൽ ട്രൈബൽ യൂണിറ്റുകൾക്ക് കൊടുത്തുകഴിഞ്ഞു. ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള മെഡിക്കൽ ടീമുകൾ സഞ്ചരിച്ച് സൗകര്യം കുറഞ്ഞതും വിദൂരസ്ഥവുമായ ആദിവാസി ഊരുകളിൽ ആളുകളെ പരിശോധിക്കുകയും മരുന്നുവിതരണം നടത്തുകയും ചെയ്യുന്നു. 2001-2002 കാലത്ത് ഇത്തരത്തിൽ 600 പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. 2000-2002 കാലയളവിൽ നിലവിലുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുകയും വിവിധ വിഭാഗം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ ഉൾപ്പെടുത്തി സ്പെഷ്യൽ മെഡിക്കൽ ക്യാമ്പുകൾ (100 എണ്ണം) നടത്തുകയും ഉണ്ടായി. ആദിവാസി മേഖലകൾ ഉൾപ്പെട്ട പിന്നോക്ക പ്രദേശങ്ങളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിന് ഈ പ്രദേശങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർക്ക് പി.ജി. കോഴ്സിന് പ്രവേശനം കിട്ടുന്നതിന് പ്രത്യേക ക്വാട്ട ഏർപ്പെടുത്തി പ്രത്യേക പരിഗണന നൽകുന്നുണ്ട്. സമൂഹത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങൾക്ക് വളരെ ചെലവേറിയ അടിയന്തിര ചികിത്സ ആവശ്യമായി വരുമ്പോൾ അവരെ സഹായിക്കുന്നതിനായി ആരോഗ്യവകുപ്പിന്റെ കീഴിൽ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു. തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ മാരകമായ ഏഴുതരം രോഗങ്ങളുടെ ചികിത്സക്ക് ചെലവാകുന്ന തുകയുടെ 75% തുക അനുവദിക്കപ്പെട്ട പരിധിക്കും ഫണ്ടിന്റെ ലഭ്യതയ്ക്കും വിധേയമായി അനുവദിച്ചുവരുന്നു..

(ഡി) ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) മലമ്പ്രദേശങ്ങളിൽ ജോലിചെയ്യുന്ന ഡോക്ടർമാർക്കും, ജീവനക്കാർക്കും ഹിൽട്രാക്ട് അലവൻസ് കൊടുക്കുന്നുണ്ട്. എന്നാൽ ദ്വീപുകളിൽ ജോലിചെയ്യുന്നവർക്ക് ഇപ്പോൾ പ്രത്യേക അലവൻസുകളൊന്നും നൽകുന്നില്ല. മലമ്പ്രദേശങ്ങളിലും ഉൾനാടൻ ദുർഘട പ്രദേശങ്ങളിലും ജോലി ചെയ്യുന്നവർക്ക് ജനറൽ ട്രാൻസ്ഫറിൽ മുൻഗണന നൽകുന്നുണ്ട്. പിന്നോക്ക പ്രദേശങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന ഡോക്ടർമാർക്ക് പ്രതിമാസ റൂറൽ അലവൻസായി 300 രൂപ ശമ്പളത്തോടൊപ്പം നൽകുന്നുണ്ട്. കൂടാതെ അട്ടപ്പാടി ട്രൈബൽ ഏരിയായിൽപ്പെട്ട വിദൂരസ്ഥ ആദിവാസി കേന്ദ്രങ്ങളായ അഗളി, ഷോളയൂർ, പറമ്പിക്കുളം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സേവനമനുഷ്ടിക്കുന്ന ഡോക്ടർമാർക്ക് പ്രോത്സാഹനമായി പ്രതിമാസം 2500 രൂപ നൽകിവരുന്നു. പിന്നോക്ക പ്രദേശങ്ങളിൽ ജോലി നോക്കുന്ന ഡോക്ടർമാർക്ക് അവരുടെ രണ്ടുവർഷത്തെസേവന കാലാവധി മൂന്നു വർഷമായി കണക്കാക്കി സ്ഥലംമാറ്റത്തിനുള്ള അർഹതയിൽ പ്രത്യേക പരിഗണന നൽകിവരുന്നുണ്ട്. സർവ്വീസ് ക്വാട്ടയിൽ പി.ജി./ഡിപ്ളോമ കോഴ്സുകളുടെ സെലക്ഷന് പിന്നോക്ക പ്രദേശങ്ങളെ റൂറൽ ഏരിയാ എന്നും ഡിഫിക്കൽറ്റ് റൂറൽ ഏരിയാ എന്നും തരംതിരിച്ച് പ്രത്യേക പരിഗണന ഈ പ്രദേശത്ത് ജോലിനോക്കിവന്ന ഡോക്ടർമാർക്ക് നൽകുന്നുണ്ട്. ഡിപ്ളോമാ കോഴ്സുകൾക്ക് ഡിഫിക്കൽറ്റ് റൂറൽ ഏരിയായിൽപ്പെട്ടവർക്ക് 8 ഉം റൂറൽ ഏരിയായിൽപ്പെട്ടവർക്ക് 16 ഉം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. പി.ജി. ഡിഗ്രി കോഴ്സിനുവേണ്ടിയുള്ള പ്രവേശനത്തിന് ഡിഫിക്കൽറ്റ് റൂറൽ ഏരിയാക്കാർക്ക് 9 ഉം റൂറൽ ഏരിയായിൽപ്പെട്ടവർക്ക് 9 ഉം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. സർവ്വീസ് ക്വാട്ടയിൽ പി.ജി./ഡിപ്ളോമ കോഴ്സുകൾക്കുള്ള സെലക്ഷന് പിന്നോക്ക

പ്രദേശങ്ങളിൽ സേവനം അനുഷ്ടിക്കുന്ന ഡോക്ടർമാർക്ക് രണ്ടുവർഷം മതിയാകും. മറ്റുള്ളവർക്ക് ഇത് മൂന്നുവർഷമാണ്.

**<u>ദാരിദ്ര്യ രേഖക്കു താഴെയുള്ളവരെ നിശ്ചയിക്കാൻ ഗ്രാമസഭകൾക്ക് അധികാരം</u>**

665 ശ്രീ. ടി.വി.ചന്ദ്രമോഹൻ :
ശ്രീ. വി. ബലറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ.കെ.മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം പദ്ധതിയുടെ പ്രാരംഭത്തിൽ സംസ്ഥാനത്ത് ദാരിദ്ര്യ രേഖക്കു താഴെയുള്ളവരെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തുകയുണ്ടായോ ;

(ബി) എങ്കിൽ ആരാണ് ഈ സർവ്വേ നടത്തിയത് ;

(സി) അതിനു സ്വീകരിച്ച മാനദണ്ഡം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ദാരിദ്ര്യ രേഖക്കു താഴെയുള്ളവരെ അംഗീകരിക്കുന്നതിനുള്ള അധികാരം കേന്ദ്ര ഗവണ്മെന്റ് ഗ്രാമസഭയിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ ;

(ഇ) ഇപ്രകാരം ഗ്രാമസഭകൾ അംഗീകരിക്കുന്ന ദാരിദ്ര്യ രേഖക്കു താഴെയുള്ളവരുടെ ലിസ്റ്റ് പ്രമുഖ സ്ഥാനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതുണ്ടോ ;

(എഫ്) ഗ്രാമസഭകൾ അംഗീകരിക്കുന്ന ലിസ്റ്റിൽനിന്നും ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരെ നീക്കം ചെയ്യാനും ഗ്രാമസഭക്ക് അധികാരം നൽകിയിട്ടുണ്ടോ ?

**<u>ഉത്തരം</u>**

**ശ്രീ. സി.എഫ്. തോമസ് ( ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ):**

(എ) പത്താം പദ്ധതിക്കായുള്ള ദാരിദ്ര്യ രേഖാ സെൻസസ് ഇപ്പോൾ നടന്നുവരികയാണ്.

(ബി) ഗ്രാമവികസന വകുപ്പിന്റെ നിയന്ത്രണത്തിലാണ് ദാരിദ്ര്യ രേഖാ സെൻസസ് നടത്തുന്നത്. ഇതിനുള്ള എന്യൂമറേഷൻ ജോലികളുടെ ചുമതല വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവർക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ സെൻസസ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ആവശ്യമെങ്കിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ഓരോ സ്ഥലത്തേയും ലഭ്യതയും പ്രായോഗികതയും കണക്കിലെടുത്ത് പ്രേരക്മാർ, എസ്.സി.പി. പ്രൊമോട്ടർമാർ, എസ്.ടി. പ്രൊമോട്ടർമാർ, നെഹ്റു യുവക് കേന്ദ്രം വോളന്റിയർമാർ, അംഗൻവാടി ടീച്ചർമാർ, ഗ്രാമപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടന പ്രവർത്തകർ, കോളേജുകളിലെ നാഷണൽ സ്കീം വോളണ്ടിയർമാർ തുടങ്ങിയവരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും അനുമതി നല്കിയിട്ടുണ്ട്.

(സി) പത്താം പദ്ധതിക്കായുള്ള ദാരിദ്ര്യരേഖാ സെൻസസ് നടത്തുന്നത് സംബന്ധിച്ച് കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ദാരിദ്ര്യരേഖാ സെൻസസ് നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള ഫോറത്തിന് രണ്ടു ഭാഗങ്ങളുണ്ട്. ഭാഗം (എ) കുടുംബത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇതിനായി ജീവിതനിലവാരത്തെ സൂചിപ്പിക്കുന്ന സാമൂഹികവും സാംപത്തികവുമായ 13 സൂചകങ്ങൾ നൽകിയിട്ടുണ്ട്. ഓരോ സൂചകത്തിന്മേലും 0,1,2,3,4 എന്നിങ്ങനെ 5 സ്കോർ നൽകുന്നതിന് വ്യവസ്ഥയുണ്ട്. കുടുംബത്തിന്റെ സ്ഥിതി അനുസരിച്ച് ഓരോ സൂചകത്തിന്മേലും ഏറ്റവും അനുയോജ്യമായ സ്കോർ നൽകേണ്ടതുണ്ട്. ഓരോ കുടുംബത്തിനും 13 സൂചകങ്ങളിലുമായി ലഭിക്കുന്ന ആകെ സ്കോർ കണക്കാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ കുടുംബത്തിന്റേയും സ്ഥാനം ആരോഹണക്രമത്തിൽ നിശ്ചയിക്കേണ്ടതുമാണ്. ഓരോ സംസ്ഥാനത്തും ദാരിദ്ര്യരേഖാ സെൻസസിലൂടെ കണ്ടെത്തുന്ന പാവപ്പെട്ട ആളുകളുടെ എണ്ണം പ്ലാനിംഗ് കമ്മീഷൻ 1999 – 2000 –ൽ തിട്ടപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലെ പാവപ്പെട്ട ആളുകളുടെ എണ്ണമോ അല്ലെങ്കിൽ ഈ എണ്ണത്തിൽ പ്ലാനിംഗ് കമ്മീഷൻ വരുത്തിയ നീക്കുപോക്ക് അനുസരിച്ചുള്ള കണക്കോ ഏതാണോ കൂടുതൽ അതിൽ കൂടുതൽ ആകാൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം കണക്കിലെടുത്ത് വേണം സംസ്ഥാനങ്ങൾ ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിനുള്ള കുറഞ്ഞ സ്കോർ നിശ്ചയിക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 13 സൂചകങ്ങളിലുമായി ഓരോ കുടുംബത്തിനും ലഭിക്കുന്ന സ്കോർ ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിന് സംസ്ഥാനങ്ങൾ നിശ്ചയിക്കുന്ന കുറഞ്ഞ സ്കോർ എന്നിവയെ അടിസ്ഥാനമാക്കിയാണ് ദരിദ്ര കുടുംബങ്ങളെ നിർണ്ണയിക്കേണ്ടത്.

(ഡി) ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ ലിസ്റ്റ് ഗ്രാമസഭ അംഗീകരിക്കേണ്ടതുണ്ട്.

(ഇ)ഉണ്ട്. ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിനുള്ള കുറഞ്ഞ സ്കോർ ഏതെങ്കിലും കുടുംബം സ്ഥായിയായി കടക്കുകയാണെങ്കിൽ അത് പരിശോധിച്ച് ഇത്തരം കുടുംബങ്ങളെ ദാരിദ്ര്യരേഖാ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള അധികാരം ഗ്രാമസഭയ്ക്കുണ്ട്.

**പെൺ ഭ്രൂണഹത്യ**

666. ശ്രീ. കെ.മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗർഭസ്ഥ ശിശുക്കളുടെ ലിംഗനിർണ്ണയ പരിശോധനയും തുടർന്നുള്ളവിവേചനപരമായ ഗർഭച്ഛിദ്രവും നിയമവിധേയമാണോ ;

(ബി) ഇത്തരം പരിശോധനയും പെൺ ഭ്രൂണഹത്യയും കേരളത്തിൽ നിലവിൽ നിരോധിച്ചിട്ടുണ്ടോ ;

(സി) കേരളത്തിൽ ചില ആരോഗ്യ സ്ഥാപനങ്ങൾ ഭീമമായ തുക ഫീസ് ഈടാക്കി ലിംഗനിർണ്ണയ പരിശോധനയും ഭ്രൂണഹത്യയും നടത്തിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ുണ്ടോ ;

(ഡി) ഇഷ്ട സന്താനങ്ങളെ തെരഞ്ഞെടുക്കാൻ അവസരമൊരുക്കുന്നതിനായി ചില ആരോഗ്യ സ്ഥാപനങ്ങളുടെ വാണിജ്യപരമായ അവകാശങ്ങൾ വെബ്സൈറ്റിൽ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കേന്ദ്രനിയമം അനുശാസിക്കുന്ന വിധത്തിലുള്ള അഡ്വൈസറി ബോർഡിന് ഇതിനായി രൂപം നൽകിയിട്ടുണ്ടോ ;

(എഫ്) പ്രസ്തുത വിഷയം സംബന്ധിച്ച് സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ സംവിധാനമുണ്ടാകുമോ ?

**ഉത്തരം**

**ശ്രീ.പി.ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി )**

(എ) അല്ല.

(ബി) പ്രി നാറ്റൽ ഡയഗ്നോസ്റ്റിക്ക് ടെക്നിക്സ് (റഗുലേഷൻ ആന്റ് പ്രിവൻഷൻ ഓഫ് മിസ്യൂസ്) ആക്ട് 1994 പ്രകാരം ഗർഭസ്ഥ ശിശുക്കളുടെ ലിംഗനിർണ്ണയ പരിശോധനയും തുടർന്നുള്ള പെൺഭ്രൂണഹത്യയും കേരളത്തിൽ നിരോധിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) ഉണ്ട്. നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് 14 ജില്ലകളിലും അഡ്വൈസറി കമ്മിറ്റിയും അവയുടെ പ്രവർത്തനം വിലയിരുത്തുന്നതിന് സ്റ്റേറ്റ് മോണിറ്ററി കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(എഫ്) അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ ഉപയോഗിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ജില്ലാതലങ്ങലിൽ അഡ്വൈസറി കമ്മിറ്റികളും സംസ്ഥാനതലത്തിൽ സ്റ്റേറ്റ് മോണിറ്ററി കമ്മിറ്റിയും ഇപ്പോൾ നിലവിലുണ്ട്.

**ജുവൈനൽഹോമുകളുടെ പ്രവർത്തനം**

667 ശ്രീ തമ്പാനൂർരവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജുവൈനൽ ഹോമുകളുടെ പ്രവർത്തനം ഗവണ്മെൻറ് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പല ജുവൈനൽ ഹോമുകളുടെയും പ്രവർത്തനം കാര്യക്ഷമമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ജുവൈനൽ ഹോമുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഇവിടെ പാർപ്പിച്ചിരിക്കുന്നവർക്കു് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുമായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. എ.കെ.ആന്റണി (മുഖ്യ മന്ത്രി )** :

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ജുവൈനൽഹോമുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അവിടെ പാർപ്പിച്ചിട്ടുള്ള അന്തേവാസികൾക്ക് വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും സൗകര്യം ചെയ്തിട്ടുണ്ട്. അന്തേവാസികളിൽ പഠിക്കുവാൻ മിടുക്കരായ കുട്ടികളെ തെരഞ്ഞെടുത്ത് അവരെ ബോർഡിംഗ് സൗകര്യത്തോടുകൂടിയുള്ള സാധാരണ സ്കൂളുകളിൽ ചേർത്ത് പഠിപ്പിച്ചുവരുന്നു. സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന വിവിധ തൊഴിൽ പരിശീലന യൂണിറ്റുകളിൽ നിന്നും അന്തേവാസികൾക്ക് അവരുടെ ഭാവി ജീവിതത്തിന് ഉതകുമാറ് തൊഴിൽ പരിശീലനവും നൽകുന്നു.